## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.485 27.02.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സിൽ മികവ് പുലർത്തുന്നവർക്ക് തൊഴിലവസരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പോർട്സിൽ മികവ് പുലർത്തുന്നവർക്ക് സർക്കാർമേഖലയിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിലവസരങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാർ വന്നതിനു ശേഷം എത്ര പേർക്ക് തൊഴിലവസരങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ; നിലവിൽ മികച്ച വിജയം കൈവരിച്ചവരെ മാത്രമാണോ തെരഞ്ഞെടുക്കുന്നതെന്നും, മുൻകാലങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ തലത്തിൽ പങ്കെടുത്തിട്ടുള്ള കായികതാരങ്ങൾക്കും പ്രസ്തുത പരിഗണന നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിലും കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിലായി എൽ.ഡി.ക്ലാർക്ക് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ കലണ്ടർ വർഷത്തെയും ഒഴിവുകളിലേയ്ക്ക് കായിക താരങ്ങൾ അതിന് തൊട്ടുമുൻപുള്ള രണ്ടു സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളാണ് നിയമനത്തിനായി പരിഗണിക്കുന്നത്. നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങളെയാണ് നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രായപരിധി കവിയാത്ത കായികതാരങ്ങൾക്ക് മുൻകാല മികവുകൾ പരിഗണിച്ച് തൊഴിലവസരങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ഓരോ കലണ്ടർ വർഷത്തെയും ഒഴിവുകളിലേയ്ക്ക് അവർ അതിനുതൊട്ടുമുൻപുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ നിയമനം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**